പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7237 16/07/2012 ൽ മറുപടിയ്ക്ക്

## ചിറയിൻകീഴിലെ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ

| ചോദ്യം<br>ശ്രീ. വി. ശശി | | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ്മന്ത്രി) | |
|---|---|---|---|
| (എ) | ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ എത്ര ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോ ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിലും ഉൾപ്പെടുന്ന വില്ലേജുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | 3 ഗ്രൂപ്പ് വില്ലേജുകൾ, പ്രവർത്തിക്കുന്നുണ്ട്.<br>ഇളമ്പ- മുദാക്കൽ<br>ശാർക്കര- ചിറയിൻകീഴ്<br>കിഴുവില്ലം- കൂന്തള്ളൂർ എന്നീ ഗ്രൂപ്പ് വില്ലേജുകളാണ് പ്രവർത്തിക്കുന്നത്. |
| (ബി) | ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിച്ച് ജനങ്ങൾക്ക് കൂടുതൽ സൗകര്യ പ്രദമായ സേവനം വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വികരിക്കുമോ; ഇതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുമ്പോൾ ഇളമ്പ, ചിറയിൻകീഴ്, കൂന്തള്ളൂർ എന്നീ വില്ലേജുകൾ പുതുതായി രൂപീകരിക്കേണ്ടതായി വരും ഇതിൽ ഇളമ്പ, ചിറയിൻകീഴ്, വില്ലേജാഫീസുകൾക്കുള്ള കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് ടി വില്ലേജാഫീസുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്. കൂന്തള്ളൂർ വില്ലേജാഫീസ് പ്രവർത്തനത്തിന് കെട്ടിടം നിർമ്മിക്കേണ്ടതും ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കേണ്ടതുമുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ ഏത് വില്ലേജിനെയാണ് മാതൃകാ വില്ലേജായി തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ സ്മാർട്ട് വില്ലേജിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ